**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 6.241 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠനം - വിദഗ്ദ്ധ സമിതി ശുപാർശ - 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

**G.O.(Ms)No.52/2021/RD തീയതി,തിരുവനന്തപുരം, 10/02/2021**

---

പരാമർശം:- 1. 13-08-2018-ലെ സ.ഉ.(അച്ചടി) 53/2018/റവ നമ്പർ സർക്കാർ ഉത്തരവ്

2. കോഴിക്കോട് ജില്ലാ കളക്ടറുടെ 11-11-2020ലെ DCKKD/12703/2017-B2 നമ്പർ കത്ത്

3. കോഴിക്കോട് ജില്ലാ കളക്ടറുടെ 28-01-2021ലെ DCKKD/12703/2017-B2 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ 6.241 ഹെക്ടർ ഭൂമി കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് നിർമ്മാണത്തിനായി 2013-ലെ എൽ.എ.ആർ.ആർ നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുള്ളൻകുഴി, കലക്ടറേറ്റ് (പി.ഒ) കോട്ടയം എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും, ഗവണ്മെന്റ് വെബ് സൈറ്റിലും ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി.

കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയ വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ വടകര താലൂക്കിലെ കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 15 മീറ്റർ റോഡിന്റെ വീതി എന്നത് 12 മീറ്റർ എന്ന രീതിയിലേക്ക് പദ്ധതിയുടെ സ്വഭാവം മാറാതെ മാറ്റാനുള്ള നിയമപരമായ മാർഗ്ഗങ്ങളുണ്ടെങ്കിൽ പദ്ധതിയുടെ ദോഷഫലങ്ങൾ വലിയൊരളവ് കുറയ്ക്കാൻ സാധിക്കുമെന്ന് അറിയിച്ചിട്ടുള്ളതാണ്.

കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയ അർത്ഥനാധികാരിയുടെ അഭിപ്രായത്തിൽ കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് വികസനത്തിനുവേണ്ടി 12 മീറ്റർ വീതിയുള്ള റോഡാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും ഐ.ആർ.സി മാനദണ്ഡങ്ങൾ അനുസരിച്ച് വളവുകളിലും അപകടസാധ്യതയുള്ള പ്രദേശങ്ങളിലെ ജ്യോമെട്രിക് കറക്ഷൻ ആവശ്യമുള്ളതിനാൽ 12 മുതൽ 15 വരെ വീതിയിൽ സ്ഥലം അംഗീകൃത അലൈൻമെന്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പൊന്നും വില കൊടുത്ത് ഏറ്റെടുക്കുന്നതിനാൽ ഐ.ആർ.സി മാനദണ്ഡങ്ങൾ വിട്ടു വീഴ്ച ചെയ്യാൻ നിർവ്വാഹമില്ലെന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതായതിനാൽ ഐ.ആർ.സി മാനദണ്ഡങ്ങൾ കർശനമായി പാലിച്ചാൽ മാത്രമേ പദ്ധതിക്ക് അംഗീകാരം ലഭ്യമാവുകയുള്ളുവെന്നും ഇപ്പോൾ അംഗീകാരം ലഭ്യമായതും എൽ.എ നടപടികൾ നടന്നു വരുന്നതുമായ അലൈന്മെന്റിൽ പെഗ് മാർക്ക് ചെയ്ത സർവ്വേ നടപടികൾ തുടങ്ങാനിരിക്കുന്നതിനാൽ നിലവിൽ അംഗീകാരം ലഭിച്ച അലൈന്മെന്റിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയുണ്ടായി.

വിദഗ്ധ സമിതിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശയും സാമൂഹ്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ വിദഗ്ധ സമിതിയുടെ ശുപാർശ, അർത്ഥനാധികാരിയുടെ അഭിപ്രായം എന്നിവ പരാമർശം (2),(3) പ്രകാരം സമർപ്പിക്കുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ 2 പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആക്ടിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യ സർക്കാരിനു തീരുമാനിക്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദഗ്ധ സമിതിയുടെ ശുപാർശ, അലൈന്മെന്റിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ലെന്ന അർത്ഥനാധികാരിയുടെ അഭിപ്രായം, സാമൂഹ്യാഘാത പഠന റിപ്പോർട്ട്, കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് നിർമ്മാണത്തിനായി കണ്ടെത്തിയ 6.241 ഹെക്ടർ ഭൂമിയിൽ നെൽവയൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ച് മാത്രമെ പരിവർത്തനം ചെയ്യാവൂ എന്ന വ്യവസ്ഥക്കു വിധേയമായി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K.BIJU IAS**
**SPECIAL SECRETARY**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

ഡെപ്യൂട്ടി സെക്രട്ടറി , റവന്യൂ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓ

Signature Not Verified

Digitally signed by BINU VARGHESE
Date: 2021.02.11 11:18:19 IST
Reason: Approved